# ലോക ഭയം

## അപ്പൊസ്തല. പ്രവൃത്തികൾ 16:27

**"കരാഗൃഹപ്രമാണി ഉറക്കുമുണർന്നു കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നതു കണ്ടിട്ടു ചങ്ങലക്കാർ ഓടിപ്പോയ്ക്കളഞ്ഞു എന്നു ഊഹിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു."**

ഭയം ആണ് ഇന്നത്തെ ലോകത്തിന്റെ മുഖ്യ വികാരം. ഭയമാണ് ഇന്ന് നമ്മളെ കൂടുതൽ ഭരിക്കുന്നത് എന്ന് വേണമെങ്കിൽ പറയാൻ കാരണം നാം ജീവിക്കുന്നത് ഭയത്തിലാണ്. നാം ഒരു നിമിഷം ഇരുന്നു ചിന്തിച്ചാൽ നമുക്ക് മനസ്സിലാകും ഇന്ന് ഈ പകൽകാലം നമ്മെ അലട്ടുന്ന ഭയങ്ങൾ എന്തല്ലാമാണന്ന്: യുദ്ധങ്ങളെക്കുറിച്ചുള്ള ഭയം, പകർച്ച വ്യാധികളെക്കുറിച്ചുള്ള ഭയം, കാലാവസ്ഥ പ്രതികൂലമാകുമോ, പ്രകൃതി നമ്മെ ഇല്ലാതെ ആക്കുമോ എന്നുള്ള ഭയം, ഭാവിയിൽ എന്തു സംഭവിക്കും എന്നതിനെക്കുറിച്ചുള്ള ഭയം, മനുഷ്യരെക്കുറിച്ചുള്ള പേടി, മരണം, രോഗം തുടങ്ങി അനേകം പ്രശ്നങ്ങൾക്കു നാം അടിമകൾ ആണ്. ഒരുപക്ഷെ ഇത് ഒന്നും നമ്മെ നേരിൽ ബാധിക്കുന്ന കാര്യങ്ങളല്ലായിരിക്കും, എന്നിരുന്നാലും നമ്മെ ഈ ഭയങ്ങൾ കിഴ്പെടുത്താറുണ്ട്. നാം സുരക്ഷിതർ അല്ല എന്നുള്ള തോന്നലുകൾ, നാളെയെക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടപ്പെട്ട അനുഭവം, നിത്യതയെ കുറിച്ചുള്ള പ്രത്യാശയും ഇല്ലായ്മ. എങ്ങും എവിടേയും എപ്പോഴും, ഭയം മാത്രം. ഇങ്ങനെ ഒരു അവസ്ഥ മനുഷ്യരാശിക്ക് ഉണ്ടാകുമെന്നു വചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. **ലൂക്കോസ് 21:26** ഇപ്രകാരം പറയുന്നു ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിന്നു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും.

ഭയത്തിന്റെ ഒരു ആത്മാവ് ലോകത്തെ ഭരിക്കും, ഇന്ന്, അറിയാതെ നാമും ഈ ആത്മാവിന് കിഴ്പ്പെട്ടു പോകാറില്ലേ. പക്ഷേ ഈ ഭയത്തിന്റെ ആത്മാവിനാൽ ബാധിക്കപ്പെടരുതെന്ന് അവിടുന്ന് ശിഷ്യന്മാരോടു പറഞ്ഞു. ഇന്ന് വിശ്വാസ സമൂഹത്തെ തകർക്കുവാൻ ശത്രു ഉപയോഗിക്കുന്ന വലിയ തന്ത്രമാണ് ഭയം. വിശ്വാസിയായ നാം മനസിലാക്കണം ഭയമാണ് കഷ്ടതകളെ ഉളവാക്കുന്നത്: ഭയമാണ് മരണത്തെ ഉളവാക്കുന്നത്: ഭയമാണ് തിന്മയെ പ്രസവിക്കുന്നത്. എന്താണ് ഭയത്തിനു കാരണം? നമ്മുടെ സ്വഭാവത്തെക്കുറിച്ചുള്ള അറിവുകേടാണ്.

ഇന്ന് നാം ഈ ലോക ജീവിതത്തെ ഭയക്കുന്നുണ്ടെങ്കിൽ, നമ്മുടെ വിശ്വാസത്തെ നാം എവിടെയോ കൈവിട്ടു പോയി എന്നുവേണം മനസിലാക്കുവാൻ. ഇന്ന് നമ്മിൽ പലരും കാരാഗൃഹ പ്രമാണിയുടെ ജീവിത അവസ്ഥക്ക് തുല്യരാണ്. കരാഗൃഹപ്രമാണി ഉറക്കുമുണർന്നു കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നതു കണ്ടിട്ടു ചങ്ങലക്കാർ

ഓടിപ്പോയ്ക്കളഞ്ഞു എന്നു ഊഹിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു. പ്രവൃത്തികൾ 16:27

ഉണർന്നിരിക്കേണ്ട സ്ഥലങ്ങളിൽ നാം ഉറങ്ങുന്നു അല്ലെങ്കിൽ ഉറക്കം നടിക്കുന്നു. ഇനി ഉറക്കം ഉണർന്നാലോ വാതിലുകൾ തുറന്നിരിക്കുന്നു എന്ന ഭയം വേട്ടയാടപ്പെടും. അങ്ങനെ ശത്രു നമ്മെ ഭരിക്കുവാൻ ആരംഭിക്കും. ദൈവികമായ ചിന്തകൾ നാം അറിയാതെ തന്നെ നഷ്ടപ്പെടുന്നു. ആ ഭരണം ക്രിയ ചെയ്തുതുടങ്ങുമ്പോൾ മുതൽ നാം കാരാഗൃഹപ്രമാണിയെ പോലെ ഉഹിക്കുവാൻ ആരംഭിക്കും, അങ്ങനെ ഊഹങ്ങളാൽ നാം പൂർണ്ണമായും ശത്രുവിന് കിഴ്പ്പെടും.

നാം ഭയപ്പെടുന്നതിന്റെ കാരണം, നമ്മൾ ഭയപ്പെടുന്ന കാര്യങ്ങൾ സംഭവിക്കുമെന്ന് വിശ്വസിക്കുന്നതിനാലാണ്. ഭയം നമ്മളിൽ വരുന്ന നിമിഷം, ശത്രു നമ്മെ പീഢിപ്പിക്കാൻ ആരംഭിക്കുന്നു. ദൈവമക്കൾ എന്ന നിലയിൽ ഈ ഭയത്തെ ഇല്ലാതാക്കുവാൻ വചനം നമ്മെ സഹായിക്കുന്നുണ്ട്. 1 യോഹന്നാൻ 4:18 പറയുന്നു സ്നേഹത്തിൽ ഭയമില്ല; ഭയത്തിന്നു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.

'സ്നേഹത്തിൽ തികഞ്ഞവൻ' ആകാനും അങ്ങനെ "ഭയത്തെ പുറത്താക്കി"ക്കളയാനും ഒരു വ്യക്തിക്ക് എങ്ങനെ കഴിയും? അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞു: "ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു." നാം പാപികൾ ആയിരിക്കുമ്പോൾത്തന്നെ ദൈവം നമ്മെ സ്നേഹിച്ചെങ്കിൽ, നാം യഥാർഥത്തിൽ അനുതപിക്കുകയും ഉത്സാഹപൂർവം "അവന്റെ വചനം പ്രമാണിക്കുകയും" ചെയ്യുന്ന പക്ഷം അവൻ അതിലേറെ നമ്മെ സ്നേഹിക്കുകയില്ലേ? അതിനാൽ പ്രിയമുള്ളവരേ വചനത്തിനു കിഴ്പ്പെട്ടു, അവിടുന്ന് തന്നിരിക്കുന്ന കല്പനകൾ അനുസരിച്ചു ദൈവരാജ്യയത്തിന്നു പ്രയോജനമുള്ളവരായി പരസ്പരം സ്നേഹത്തിൽ ജീവിക്കുവാൻ നമുക്ക് സാധിക്കണം. പരിശുദ്ധാത്മാവിനാൽ നിങ്ങളിൽ സ്നേഹത്തിന്റെ ആത്മാവ് പ്രവർത്തിക്കുമ്പോൾ ഒരു പിശാചിനും നിങ്ങളിൽ ഭയം ഉളവാക്കാൻ കഴിയില്ല. പരിശുദ്ധാത്മാവ്, നമ്മിൽ ഉള്ള ഭയത്തെ ജയിക്കുവാൻ സഹായിക്കും. കാരണം ദൈവം നമ്മെ വിളിച്ചിരിക്കുന്ന വിളിയുടെ പ്രത്യാശ ഏതെന്നു നാം അറിയണമെന്നു പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. ആമേൻ

സ്നേഹത്തിൽ തികഞ്ഞു, പൂർണമായും ഭയമില്ലാതെ, യാതൊരു ഊഹങ്ങൾക്കും, ഉഹാപോഹങ്ങൾക്കും കീഴ്പ്പെടാതെ, ഭൂമിയിൽ ഉള്ള ജീവിതം ദൈവത്തോടൊപ്പം, സന്തോഷത്തോടും, സമാധാനത്തോടും ആയിരിപ്പാൻ, പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കുമാറാകട്ടെ.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 022**